(സി)	ഒ.പി.	ഐ.പി.	ആകെ
1995	142	41	183
1996	65	26	91
1997	27	22	49
1998	22	14	36
1999	32	30	62

(ഡി) ജനറൽ ആശുപത്രിയായി ഉയർത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ നിലവിലില്ലാത്തതിനാൽ ഇപ്പോൾ പരിഗണനയിലില്ല.

മുണ്ടേരി ഗ്രാമപഞ്ചായത്തിൽ ആയുർവേദ ആശുപത്രി അനുവദിക്കുവാൻ നടപടി

144(886)ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ മുണ്ടേരി ഗ്രാമപഞ്ചായത്തിൽ ആയുർവേദാശുപത്രി അനുവദിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപ്പ് സാമ്പത്തികവർഷം ആരംഭിക്കുന്ന ആയുർവേദ ഡിസ്പെൻസറികളുടെ സ്ഥലനിർണ്ണയം സംബന്ധിച്ച് തീരുമാനം ആയിട്ടില്ല.

പെർമുദെയിൽ ആശുപത്രി സ്ഥാപിക്കാൻ നടപടി

145(887)ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ പൈവിളികെ പുത്തിഗെ പഞ്ചായത്തുകളുടെ അതിർത്തിയും ഒരു റിമോർട്ട് ഏരിയായുമായ പെർമുദേയിൽ ഒരു ആശുപത്രി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) അലോപ്പതിയോ ആയുർവേദമോ ഹോമിയോ ഏത് ആശുപത്രിയാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) പെർമുദ വില്ലേജ് പൈവിളികെ പഞ്ചായത്തിനു കീഴിലുള്ള സ്ഥലമാണ്. പൈവിളികെയിൽ ഇപ്പോൾ ഒരു സബ്സെന്റർ നിലവിലുണ്ട്.

മേലടി ഹെൽത്ത് സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്താൻ നടപടി

LIBRARY ARCHIVES Kerala Legislative Assembly

146(888)ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ മേലടി ഹെൽത്ത് സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തുവാൻ വേണ്ട പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഇവിടെ ഒ.പി. യിൽ ദിനംപ്രതി എത്ര രോഗികൾ ശരാശരി എത്തുന്നുണ്ട്;

(സി) പ്രസ്തുത ഹെൽത്ത് സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തുന്ന കാര്യം പരിഗണിക്കുമോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നടപ്പു സാമ്പത്തികവർഷം പി.എച്ച്.സി. കളെ സി.എച്ച്.സി. കളായി ഉയർത്തിയ കൂട്ടത്തിൽ മേലടി ഹെൽത്ത് സെന്റർ ഉൾപ്പെടുന്നില്ല.

(ബി) 204 പേർ.

(സി) സാമ്പത്തിക ലഭ്യതയനുസരിച്ച്, ബ്ലോക്കു തലത്തിലുള്ള പി.എച്ച്.സി.കളെ ഘട്ടംഘട്ടമായാണ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി ഉയർത്തുന്നത്. ഇതും പരിശോധിക്കുന്നതാണ്.

സാംക്രമിക രോഗങ്ങൾ പിടിപെട്ടു മരണമടഞ്ഞവരുടെ ആശ്രിതർക്ക് സാമ്പത്തിക സഹായം

147(889)ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോളറ, ടൈഫോയിഡ് തുടങ്ങിയ പകർച്ചവ്യാധികൾ സംസ്ഥാനത്ത് പടർന്നു പിടിക്കുന്നതിന്റെ കാരണം കണ്ടുപിടിക്കുന്നതിനും, രോഗം നിയന്ത്രിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി ഏതെങ്കിലും ഏജൻസികൾ പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) രോഗബാധിതരായി ആശുപത്രിയിൽ പ്രവേശിക്കപ്പെട്ടവർക്ക് ആവശ്യമായ അടിയന്തിര സൗജന്യ ചികിത്സയും ആവശ്യമായ മരുന്നുകളും നൽകുന്നതിൽ അധികാരികളുടെ ഭാഗത്തുനിന്നും അലംഭാവം ഉണ്ടാകുന്നു എന്ന പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനു പരിഹാരം ഉണ്ടാക്കുന്നതിനായി അടിയന്തിര ചികിത്സാ സൗകര്യങ്ങളും, മരുന്നും നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സാംക്രമിക രോഗങ്ങൾ ബാധിച്ച് മരണമടഞ്ഞവരുടെ ആശ്രിതർക്ക് സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോളറ ആന്റ് എൻടെമിക് ഡിസീസസ് കോളറ ബാധയെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ ശുപാർശ പ്രകാരം ജലസ്രോതസ്സുകൾ ക്ലോറിനേറ്റ്

LIBRARY ARCHIVES Kerala Legislative Assembly